പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5633 05-07-2013- ൽ മറുപടിക്ക്

## ലോട്ടറി ടിക്കറ്റ് അച്ചടിക്കായി ലോട്ടറി വകുപ്പും സി-ആപ്റ്റും തമ്മിലുള്ള കരാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ്മ | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) കേരള സംസ്ഥാന ലോട്ടറി ടിക്കറ്റ് അച്ചടിക്കുവാൻ ലോട്ടറി വകുപ്പും സി-ആപ്റ്റും തമ്മിലുള്ള കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് രേഖാമൂലം വ്യക്തമാക്കാമോ ; | എ) ലോട്ടറി ടിക്കറ്റ് അച്ചടിയുമായി ബന്ധപ്പെട്ട് സി-ആപ്റ്റും, ലോട്ടറി വകുപ്പും തമ്മിലുള്ള കരാറിന്റെ പകർപ്പ് അനുബന്ധമായി നൽകിയിരിക്കുന്നു. (അനുബന്ധം. 1) |
| ബി) സി-ആപ്റ്റ് വ്യവസ്ഥകൾ ലംഘിച്ച് രഹസ്യസ്വഭാവവും, വിശ്വാസ്യതയും കാത്ത് സൂക്ഷിക്കേണ്ട ലോട്ടറി ടിക്കറ്റ് നമ്പർ ഇടുന്നതിന് സ്വകാര്യ സ്ഥാപനത്തിന് മറിച്ച് നൽകുവാൻ ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, ലോട്ടറി വകുപ്പും സി-ആപ്റ്റും തമ്മിലുള്ള കരാറിന്റെ ലംഘനമാണോ എന്ന് വ്യക്തമാക്കാമോ; ഏതൊക്കെ സ്ഥാപനമാണ് ടെണ്ടറിൽ പങ്കെടുത്തത്; ടെണ്ടർ നടപടി പത്രത്തിൽ പരസ്യം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ | ബി) ലോട്ടറി ടിക്കറ്റ് നമ്പർ രേഖപ്പെടുത്തുന്നത് സ്വകാര്യ സ്ഥാപനത്തിന് നൽകുവാൻ ടെണ്ടർ ക്ഷണിച്ചിട്ടില്ല. എന്നാൽ ലോട്ടറി ടിക്കറ്റ് നമ്പർ രേഖപ്പെടുത്തുന്ന അതിവേഗ വേരിയബിൾ ഡാറ്റ പ്രിന്റർ, വാടകയ്ക്ക് എടുക്കുവാൻ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. Xpress Printing Solutions Ltd., Chennai, M/s. Ansala, Chennai എന്നീ സ്ഥാപനങ്ങളാണ് ടെണ്ടറിൽ പങ്കെടുത്തത്. 28.04.2013 - ലെ ഹിന്ദു ദിനപത്രത്തിന്റെ |

(തുടർന്ന്)

| | |
|---|---|
| തീയതി വ്യക്തമാക്കാമോ; ടെണ്ടറിന്റെ വിശദാംശങ്ങളും പകർപ്പും ലഭ്യമാക്കാമോ; | കേരളത്തിലെ എല്ലാ എഡിഷനുകളിലും, മലയാളമനോരമ ദിനപത്രത്തിന്റെ തിരുവനന്തപുരം, കൊച്ചി എഡിഷനുകളിലും ടെണ്ടർ നടപടി പരസ്യം ചെയ്തിട്ടുണ്ട് (ടെണ്ടറിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു - അനുബന്ധം. 2) അതീവ സങ്കീർണവും, വിദേശ നിർമ്മിതവുമായ മെഷിൻ സെന്ററിനുള്ളിൽ തന്നെ സ്ഥാപിച്ച് സി-ആപ്റ്റ് ജീവനക്കാരെക്കൊണ്ട് മാത്രം പ്രവർത്തിപ്പിക്കാനുദ്ദേശിക്കുന്നതിനാൽ യാതൊരു വിധത്തിലുമുള്ള കരാർ ലംഘനവും ഇക്കാര്യത്തിലുണ്ടാകുന്ന സാഹചര്യമില്ല. |
| സി) ലോട്ടറി ടിക്കറ്റ് അച്ചടിക്കുന്നതിന് ലോട്ടറി വകുപ്പിൽ നിന്നും എന്തൊക്കെ ധനസഹായങ്ങളാണ് നാളിതുവരെ സി-ആപ്റ്റിന് ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ? | സി) 2009-10 സാമ്പത്തിക വർഷത്തിൽ ലോട്ടറി വകുപ്പിൽ നിന്നും 3 കോടി രൂപ സെക്യൂരിറ്റി പ്രിന്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് വേണ്ടി ധനസഹായമായി ലഭിച്ചിട്ടുണ്ട്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ